# കേരള സർവകലാശാല

നം.പി.ആർ.179/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷാ തീയതി

ആഗസ്റ്റ് 30 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം/എം.പി.എ/എം.എസ്.ഡബ്ല്യൂ/എം.എ.എച്ച്.ആർ.എം/എം.എം.സി.ജെ റെഗുലർ/സപ്ലിമെന്ററി/മേഴ്സിചാൻസ് പരീക്ഷകൾ സെപ്റ്റംബർ 3 മുതൽ പുനഃക്രമീകരിച്ചു. ആഗസ്റ്റ് 30, സെപ്റ്റംബർ 2, 4, 16, 18 തീയതികളിലെ പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 3, 5, 16, 18, 20 തീയതികളിൽ നടത്തുന്നതാണ്. പ്രോജക്ട് സമർപ്പിക്കുന്നതിനുളള അവസാന തീയതി ആഗസ്റ്റ് 26 ൽ നിന്നും സെപ്റ്റംബർ 25 ലേക്ക് മാറ്റിവെച്ചിരിക്കുന്നു.

### പരീക്ഷാഫലം

2019 ജൂണിൽ നടത്തിയ എം.എ ഫിലോസഫി, ഹിസ്റ്ററി, മ്യൂസിക്, ഇക്കണോമിക്സ്, ഹിന്ദി ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എം.എസ്.സി കമ്പ്യൂട്ടർ സയൻസ് 2017 – 2019 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം 2018 ഡിസംബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.കോം പരീക്ഷാഫലം വെബ്സൈറ്റിൽ. 2019 ജൂണിൽ നടത്തിയ ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 30 വരെ അപേക്ഷിക്കാം. 2019 ഏപ്രിലിൽ നടന്ന ബി.കോം ആന്വൽ (പ്രൈവറ്റ്, എസ്.ഡി.ഇ) പാർട്ട് മൂന്ന് അവസാന വർഷ പരീക്ഷയുടെ സപ്ലിമെന്ററി വിദ്യാർത്ഥികളുടെ തടഞ്ഞു വെച്ചിരുന്ന പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിന് ആഗസ്റ്റ് 29 വരെ അപേക്ഷിക്കാം. 2018 ഒക്ടോബറിൽ നടന്ന അഞ്ച്, ആറ് സെമസ്റ്റർ ബി.ബി.എ – 195 (2013 അഡ്മിഷന് മുൻപുള്ളത്), 2010 & 2011 അഡ്മിഷൻ മേഴ്സിചാൻസ് പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 27 വരെ ഓൺലൈനായി അപേക്ഷിക്കാം.

### പരീക്ഷാഫീസ്

2019 സെപ്റ്റംബറിൽ നടത്തുന്ന ബി.കോം (എസ്.ഡി.ഇ – 2017 അഡ്മിഷൻ) മൂന്നും നാലും സെമസ്റ്റർ പരീക്ഷയ്ക്ക് പിഴ കൂടാതെ ആഗസ്റ്റ് 24 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 29 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 31 വരെയും രജിസ്റ്റർ ചെയ്യാം.

## യു.ജി/പി.ജി പ്രവേശനം 2019
## ഒഴിവുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ യു.ജി/പി.ജി. പ്രോഗ്രാമുകളിലെ ഒഴിവുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്തുന്നു. നിലവിലെ റാങ്ക്‌ലിസ്റ്റിൽ ഉൾപ്പെട്ട പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും സർട്ടിഫിക്കറ്റുകൾ സഹിതം 21.08.2019ന് രാവിലെ 11 മണിക്കു മുൻപായി കോളേജിൽ ഹാജരാകേണ്ടതാണ്. അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരത്തിൽ തെറ്റുകൾ കണ്ടെത്തുകയോ മേൽ നിർദേശിച്ച സമയത്തിനുള്ളിൽ കോളേജുകളിൽ ഹാജരാകാതെയിരുന്നാലോ റാങ്ക്‌ലിസ്റ്റിലെ അടുത്ത അപേക്ഷകനെ പരിഗണിക്കുന്നതാണ്.

കമ്മ്യൂണിറ്റി ക്വാട്ടയിലെ വിവിധ വിഷയങ്ങളിലെ ഒഴിവുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളുടെ എണ്ണം കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്. നിശ്ചിത സമയം കഴിഞ്ഞ് ഹാജരാകുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

നിലവിലെ റാങ്ക്‌ലിസ്റ്റിൽ നിന്നായിരിക്കും പ്രവേശനം നടത്തുക. പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം.
19.08.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098